# കുടുംബ ജീവിത
# ചിന്തകൾ

YATRA PUBLICATIONS
KODUNGALLUR

M/241-63
RAH

എം. കെ. എ. റഹിമാൻ

# കുടുംബജീവിത ചിന്തകൾ

(അവലോകനം)

YATRA PUBLICATIONS
KODUNGALLUR

Complimentary Copy
Complimentary Copy
Complimentary Copy
LIBRARY
14801

എ. കെ. എ. റഹിമാൻ

---

പ്രസാധകർ
യാത്രാ പബ്ലിക്കേഷൻസ്
കൊടുങ്ങല്ലൂർ
വില-10 രൂപ.

M/241·63
RAH

# ഗ്രന്ഥകാരന്റെ കൃതികൾ:

## പഠനം, അവലോകനം, മതം.

1 കുടുംബജീവിത ചിന്തകൾ
2 മാർക്സിൽ നിന്നും മദീനയിലേക്ക്.
3 മാർക്സിസത്തിൽ നിന്നും മാനവദർശനത്തിലേക്ക്
4 രാമജന്മഭൂമിവാദവും ബാബരി മസ്ജിദും
5 സദ്ദാം ഹുസൈനും, ലോകസമാധാനവും.
6 വിശുദ്ധ വചനങ്ങൾ
7 തത്ത്വമസി (അവാർഡ് കൃതി)
8 യേശുക്രിസ്തു ഇസ്ലാം മതത്തിൽ
9 ലോകസഞ്ചാരം ഇസ്ലാമിക വീക്ഷണത്തിൽ
10 മാനവചരിത്രം ഇസ്ലാമിക വീക്ഷണത്തിൽ.
11 ഇന്നത്തെ മതപ്രസ്ഥാനങ്ങൾ
12 ഇന്നത്തെ രാഷ്ട്രീയക്കാർ
13 ദേശീയോൽഗ്രഥനം ഇന്ത്യയിൽ
14 ഉപഭോക്തൃ ചിന്തകൾ
15 സാഹിത്യചിന്തകൾ
16 പത്രപ്രവർത്തനം
17 ബന്ദ്
18 മതമില്ലാ മാർക്സിസത്തിനൊരു പാഠഭേദം.
19 തസ്ലീമ (അച്ചടിയിൽ)
20 വൈക്കം മുഹമ്മദ് ബഷീർ. (അച്ചടിയിൽ)

## യാത്രാവിവരണം

21 ദുബൈ യാത്ര
22 സിങ്കപ്പൂർ യാത്ര
23 സൈക്കിളിൽ ലോകം ചുററി കണ്ട കഥ
(രണ്ടാം പാർഡുകൃതി)
24 പാക്കിസ്ഥാനിൽ കണ്ടതും, കേട്ടതും
25 ബംഗ്ളാദേശെന്ന ദേശത്തിന്റെ കഥ
(അച്ചടിയിൽ)
26 അക്ഷരവൈരികളുടെ നാട്ടിൽ (അച്ചടിയിൽ)

## ബാലസാഹിത്യം

27 സാഹസിക യാത്ര സൈക്കിളിലൂടെ
28 സഞ്ചാരി (കുട്ടികളുടെ നോവൽ)
29 ബാലകഥകൾ (അച്ചടിയിൽ)

## നോവൽ, കഥ

30 വീട്
31 മൂന്നു വിവാഹമോചനങ്ങളുടെ കഥ (നോവൽ)
32 ആരും പറയാത്ത ഒരു രഹസ്യകഥ (നോവൽ)
33 ബ്ലൂ ഫിലിമിന്റെ മറവിൽ
34 ഇന്നത്തെ സാഹിത്യകാരന്മാർ (ഹാസ്യനോവൽ)
35 ലോക സൈക്കിൾ ചാമ്പ്യൻ (ഹാസ്യനോവൽ)
36 പണത്തിന്റെ ആത്മകഥ
37 പുസ്തക വിൽപ്പന രംഗത്തെ അനുഭവകഥകൾ
38 കാവൽക്കാരനെക്കൊണ്ട് കള്ളം പറയിപ്പിച്ച
കഥാകാരി
39 ഭൂകമ്പങ്ങൾ ഉണ്ടാകുന്നത്
40 കാട്ടിക്കുളം ഭരതനെ കാണാൻ പോയ കഥ
41 ഈ കഥ വായിക്കരുത് (അച്ചടിയിൽ)
42 പുസ്തകം പറയുന്ന കഥകൾ (അച്ചടിയിൽ)

## ഗ്രന്ഥകാരന്റെ ഇംഗ്ലീഷ് കൃതികൾ:

1 Sacred Verses
2 Islam and Tourism
3 Highlights on Cycling Around the World
4 A Bird's eye-view of Singapore
5 Gulf Guide
6 Spoken English
7 Polytechnic General English
8 Factory Organisation and Management
9 Business Management
10 Hotel Management (Under printing)
11 Banking for the Common Man
12 Some Tasks for National Integration (Under printing)
13 A collection of English Poems (Under printing)

# KUDUMBA JEEVITHA CHINTHAGAL

(Thoughts on Family Life in Malayalam)

By

**A. K. A. RAHIMAN, M. A., D. S. S., D. J.**

First Impression ,1994
Price Rs. 10-00
Rights Reserved With the Author
Published By Yatra Publications, Kodungallur.
Printed at: Suvartha Press, Irinjalakuda.
Distributers: Yatra Publications, Kodungallur-680 664

# അവതാരിക

കൃതികളുടെ മഹത്വം ഉയർത്തിക്കാട്ടി, അനുവാചകർക്കു വഴിത്തിരി കൊളുത്തി പുസ്തകത്തിലേക്കുള്ള പ്രയാണം സുഗമമാക്കുന്ന ഒരു ഏർപ്പാടാണ് അവതാരിക. ഗ്രന്ഥകാരനേയും കൃതിയേയും ജനമധ്യത്തിൽ അവതരിപ്പിക്കുക എന്ന കടമ അവതാരികാകാരനിൽ നിക്ഷിപ്തമായിരിക്കുന്നു. കുടുംബജീവിത ചിന്തകൾക്ക് അവതാരികയെഴുതാൻ എന്നെ തിരഞ്ഞെടുത്തതെന്തെന്നു ഗ്രന്ഥകാരൻ കത്തിലൂടെയറിയിച്ചിട്ടുണ്ട്. കുടുംബദീപം എന്ന മാസികയുടെ മുഖ്യ പത്രാധിപർ എന്ന സ്ഥാനം തന്നെ. എ. കെ. എ. റഹിമാനാകട്ടെ എനിക്ക് വളരെ സുപരിചിതനായ വ്യക്തിയാണ്. നിരവധി പുസ്തകങ്ങൾ അദ്ദേഹം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുകൊണ്ട് ശ്രീ. റഹിമാനെ അനുവാചകർക്കു പരിചയപ്പെടുത്തേണ്ട ചുമതലയിൽ നിന്ന് എനിക്ക് ഒഴിഞ്ഞു നിൽക്കാവുന്നതാണല്ലോ.

ഉത്കൃഷ്ട കൃതികൾക്ക് അവതാരിക എഴുതുക വലിയ ഭാഗ്യമാണ്. നിലവാരമില്ലാത്ത കൃതികൾക്ക് അവതാരികയെഴുതേണ്ടി വരിക ഖേദകരവും.

തീരെ നിലവാരമില്ലാത്ത കൃതിയല്ല കുടുംബജീവിത ചിന്തകൾ എന്നതുകൊണ്ട് ഞാൻ കേവലം മാപ്പുസാക്ഷിയാകുന്നില്ല. പക്ഷെ ഇതൊരു ഉൽകൃഷ്ട കൃതിയല്ലല്ലൊ എന്നത് എന്നെ ധർമ്മസങ്കടത്തിലാക്കാതിരിക്കുന്നില്ല. അത്രത്തന്നെ നിലവാരമില്ലാത്ത ഒരു കൃതിക്ക് എന്തിന് അവതാരിക എഴുതി എന്നു ചോദിച്ചാൽ, ''ഗ്രന്ഥകാരനുമായുള്ള അടുപ്പമാണ് എന്ന ഉത്തരമേയുള്ളൂ.''

കുടുംബജീവിതചിന്തകൾ സാധാരണക്കാരെ ഉദ്ദേശിച്ച് എഴുതിയിട്ടുള്ള പുസ്തകമാണ്. സ്വന്തം അനുഭവത്തിൽ നിന്ന് എണ്ണിപ്പെറുക്കിയെടുത്തിട്ടുള്ള കുറെ കാര്യങ്ങൾ എന്നു വേണമെങ്കിൽ പറയാം. ഒരു ഉദാഹരണം: ഗ്രന്ഥകാരൻ ഒരിക്കൽ തൻെറ അടുത്ത ഒരു ബന്ധുവിൻെറ വീട്ടിൽ ചെന്നു. സുഹൃദ് സന്ദർശനമായിരുന്നു ലക്ഷ്യം. ഗൃഹനാഥൻ കാറുതുടച്ചു കൊണ്ട് നിൽക്കുന്നു. ഗൃഹനാഥ ടി. വി. യിൽ ഒരു തമിഴ് സിനിമ കാണുന്നു. ഇരുവരും ആഗതനെ വേണ്ടത്ര മൈൻറ് ചെയ്തില്ല. രണ്ടുപേരും തങ്ങളുടെ പ്രവർത്തനങ്ങളിൽ മുഴുകിയിരുന്നു, കാറു തുടച്ചു തീരുന്നതുവരെയും, സിനിമ തീരുന്നതുവരെ

14801

യും ഗ്രന്ഥകാരൻ ക്ഷമയുടെ നെല്ലിപ്പടി കണ്ടു. ഇതിനെ, പൊതുവത്കരിക്കാമോ എന്നതു സംശയമാണ്. ആഗതനോട് അവർക്ക് ഇഷ്ടമുണ്ടായിരുന്നെങ്കിൽ തീർച്ചയായും അവർ വലിയ സന്തോഷത്തോടെ സ്വീകരിക്കുമായിരുന്നു എന്നാണ് എനിക്കു തോന്നുന്നത്. ക്ഷണിക്കപ്പെടാത്ത അതിഥിയെ, അറിയിക്കാതെ വരുന്ന അതിഥിയെ അത്ര താത്പര്യത്തോടെ എല്ലാവരും സ്വീകരിച്ചു കൊള്ളണമെന്നില്ല. ചിലർ പുറംമോടിയിൽ വിശ്വസിക്കുന്നതുകൊണ്ട് ഇഷ്ടമില്ലായ്മ പുറമെ കാണിച്ചെന്നു വരില്ല. ഗ്രന്ഥകാരൻ തന്നെ പുസ്തകത്തിൻെറ അവസാന ഭാഗത്ത് ഇങ്ങനെ എഴുതിയിരിക്കുന്നു: ''കുടുംബത്തിൽ വരുന്ന അതിഥികൾ പലതരക്കാരാണ്. അതിഥിയെ സ്വീകരിക്കൽ കടമയാണ്. ഉപദ്രവമുണ്ടാക്കുന്ന അതിഥികളുടെ ആഗമനം പൊതുവെ ആരും ഇഷ്ടപ്പെടുകയില്ല.'' ഇതു തരന്നയാകുമോ ഗ്രന്ഥകാരനു സംഭവിച്ചത്? ഏതായാലും അതിഥിയെ സ്വീകരിച്ചിരുത്തിയിട്ട് അവർക്കു തങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ തുടരാമായിരുന്നു. ടി. വി. പരിപാടികൾ കാണാൻ ഇഷ്ടപ്പെടുന്നവർ അതിഥികൾ വരുന്നതു ശല്യമായി കരുതിത്തുടങ്ങിയിട്ടുണ്ട് എന്ന കാര്യവും മറന്നുകൂടാ.

ബാലിശങ്ങളായ കുറെ അനുഭവങ്ങളും ഈ പുസ്തകത്തിൽ ചേർത്തിട്ടുണ്ടെങ്കിലും അവ ഗ്രന്ഥകാരനെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ടവ തന്നെയാകാം. നല്ലൊരു കുടുംബം എങ്ങിനെ രൂപപ്പെടുത്തിയെടുക്കാം എന്നു റഹിമാൻ ഉറക്കെ ചിന്തിക്കുകയാണിവിടെ.

നല്ല പുസ്തകങ്ങൾ രചിക്കുക, നല്ല ഭാഷയിൽ അവതരിപ്പിക്കുക, ഭേദപ്പെട്ട രീതിയിൽ അച്ചടിക്കുക, എന്തില്ല, ഏതില്ല ശ്രദ്ധയുണ്ടെന്ന് അനുവാചകരെ ബോദ്ധ്യപ്പെടുത്തുക. ഇതെല്ലാം പുസ്തക പ്രസാധന രംഗത്ത് അനുസ്മരിക്കേണ്ട കാര്യങ്ങളാണ്. കുടുംബജീവിത ചിന്തകൾ എന്ന ഈ പുസ്തകത്തിൽ ഇവ എന്തുമാത്രം അനപർത്ഥമായിട്ടുണ്ടെന്ന് വിധിക്കാൻ വായനക്കാരെ ആഹ്വാനം ചെയ്തുകൊണ്ട് സഹൃദയ സമക്ഷം ഈ പുസ്തകം അവതരിപ്പിച്ചുകൊള്ളുന്നു.

ഡോ. ചെറിയാൻ കുനിയന്തോടത്ത്

# മുഖവുര

തികച്ചും വ്യക്തിപരമായ ചില സ്വകാര്യ അനുഭവങ്ങളും അവയെപ്പററിയുള്ള ചിന്തകളും അവലോകനവുമാണ് ''കുടുംബജീവിത ചിന്തകൾ'' എന്ന ഈ പുസ്തകത്തിന്റെ ഉള്ളടക്കം.

ഇങ്ങനെയുള്ള ഒരു പുസ്തകം തയ്യാറാക്കിയ അവസരത്തിൽ അതിനൊരു അവതാരകൻ വേണമെന്ന് തോന്നിയപ്പോൾ ഏററവും അനുരൂപനായ ഒരു വ്യക്തിയാണ് എന്റെ മനസ്സിൽ കടന്നുവന്നത്. ''കുടുംബദീപം'' മാസികയുടെ മുഖ്യ പത്രാധിപരായി വളരെ വർഷങ്ങളായി പ്രവർത്തിക്കുന്നയാളും വൈദീകശ്രേഷ്ഠനും ദേവഗിരി സെൻറ് ജോസഫ് കോളേജിലെ മലയാളം പ്രൊഫസറുമായ ഡോ. ചെറിയാൻ കുനിയന്തോടത്തച്ചന്റെ പേരാണ് എന്റെ സ്മൃതിപഥത്തിൽ വന്നത്. ആയതിനാൽ അവതാരിക എഴുതാനുള്ള ചുമതല അദ്ദേഹത്തെ ഏൽപ്പിച്ചു. അദ്ദേഹം അനുയോജ്യമായ നിർദ്ദേശങ്ങളോടെ ഭംഗിയായി നിറവേററുകയും ചെയ്തു. ആ മഹൽകൃത്യത്തിന് ഞാനെന്നും കൃതജ്ഞതയുള്ളവനായിരിക്കും.

ഇനി ഈ പുസ്തകം വായിച്ചു വിലയിരുത്തേണ്ടത് അനുവാചക ലോകമാണ്. ആ അനുവാചക ഹസ്തങ്ങളിലേക്കിതാ സവിനയം സമർപ്പിച്ചു കൊള്ളുന്നു.

കൊടുങ്ങല്ലൂർ<br>14-8-94

എന്ന് ഗ്രന്ഥകാരൻ<br>(എ. കെ. എ. റഹിമാൻ)

# കുടുംബ ജീവിത ചിന്തകൾ

വ്യക്തികൾ ചേർന്ന് കുടുംബവും, കുടുംബങ്ങൾ ചേർന്ന് സമുദായങ്ങളും, സമുദായങ്ങൾ ചേർന്ന് സമൂഹവും സമൂഹങ്ങൾ ചേർന്ന് രാഷ്ട്രവും ഉണ്ടാകുന്നുവെന്നാണ് നമ്മുടെ അനുഭവം. സമൂഹശാസ്ത്രത്തിന്റേയും നരവംശശാസ്ത്രത്തിന്റേയും കാഴ്ചപ്പാടിൽ ഇതുതന്നെയാണ് വാസ്തവം.

മനുഷ്യൻ ഏകനല്ല. ഏകനായി ജനിക്കുന്നുവെങ്കിലും പരാശ്രയമാവശ്യമാണ്. മാതാവും പിതാവും മററംഗങ്ങളുമുള്ള ഒരു സംവിധാനമാണ് കുടുംബം. അപ്പോൾ വ്യക്തികളുടെ ഒരു കൂടിച്ചേരലായി കുടുംബം രൂപം കൊള്ളുന്നു.

'നാം ഒരു കുടുംബം' എന്ന ആശയത്തിന്റെ അടിസ്ഥാനം കുടുംബാംഗങ്ങൾ യോജിച്ചു സഹകരിച്ചു പ്രവർത്തിക്കുന്നു എന്ന സങ്കല്പമാണല്ലോ. സമൂഹ ജീവിതത്തിന്റെ അടിത്തറയാണ് കുടുംബം. കുടുംബജീവിതം നയിക്കുന്നവർ സമൂഹജീവിയും, ഒററപ്പെട്ടു ജീവിക്കുന്നതാകട്ടെ വ്യക്തിജീവിതവും, കുടുംബജീവിത ചിന്തകളാണിവിടെ പ്രതിപാദ്യം. അതിലേക്ക് വെളിച്ചം വീശുന്ന നിരീക്ഷണങ്ങളിലേക്കും അവലോകനങ്ങളിലേക്കും ഇനി തിരിയാം. ഈ നിരീക്ഷണങ്ങളും അവലോകനങ്ങളും വ്യക്തിപരമായ വീക്ഷണ കോണിലൂടെയാണെന്ന് പ്രത്യേകം

പറയാൻ ഇവിടെ ഉദ്ദേശിക്കുന്നു. കുടുംബ ജീവിത ചിന്തകൾ ഉരുതിരിയുന്നതു വ്യത്യസ്ഥമായ ചുററുപ്പാടുകളിൽനിന്നാണ്. ഇക്കാര്യത്തിൽ ഒരേകീകൃത സ്വഭാവമില്ല. ഒരാളുടെയോ ഒരു കുടുംബത്തിന്റെയൊ ചിന്താഗതിയായിരിക്കുകയില്ലല്ലോ മറെറാരാളുടേയും മറെറാരു കുടുംബത്തിന്റെയും. അപ്പോൾ വ്യത്യസ്തമായ കാഴ്ചപ്പാടും വീക്ഷണകോണും വേണ്ടിവരുന്ന ഒരു പഠനക്കളരിയാണിത്.

ഇവിടെ പ്രതിപാദ്യമാകുന്നത് ഇതെഴുതുന്നയാളുടെ വീക്ഷണവും നിരീക്ഷണവുമത്രെ. ഞാനും എന്റെ കുടുംബവും, ബന്ധുമിത്രാദികളുടെ കുടുംബവും അതിഥികളും കുടുംബത്തിൽ വരുന്നവരും, കുടുംബവുമായി ബന്ധപ്പെട്ടവരുമെല്ലാം കുടുംബനാഥനായ എന്റേയും, ഞാനെന്ന വ്യക്തിയുടേയും ചിന്താമണ്ഡലത്തിലുദിക്കുന്ന ചന്ദ്രതാരങ്ങളാണ്.

കുടുംബത്തിന്റെ നട്ടെല്ല് കുടുംബനാഥനാണെങ്കിൽ കുടുംബിനി അതിന്റെ വാരിയെല്ലാണ്. നട്ടെല്ലും വാരിയെല്ലും സഹകരിച്ചു വർത്തിച്ചാലെ കുടുംബക്കൂടിന് നിലനില്പുള്ളൂ. കുടുംബിനിയെപ്പററി കുടുംബനാഥനുള്ള അഭിപ്രായവും വീക്ഷണവും കുടുംബനാഥനെപ്പററി കുടുംബിനിക്കുള്ള അഭിപ്രായ വീക്ഷണവും വ്യത്യസ്ഥമായിരിക്കുമല്ലൊ. ഇത്തരം വ്യത്യസ്ഥാന്തരീക്ഷം നമുക്കു ചർച്ചചെയ്യാം.

ഞാനും എന്റെ ഭാര്യയും എന്ന വിഷയത്തെപ്പററി

ചിന്തിച്ചപ്പോൾ അനുഭവപ്പെട്ട വസ്തുതകളാണ് ഇവിടെ കുറിക്കുന്നത്. ചിലത് വിശേഷ സ്വഭാവം ഉൾക്കൊള്ളുന്നവയും മററു ചിലവ പൊതുവെ എല്ലാവരെയും ബാധിക്കുന്നവയുമായിരിക്കും.

വ്യക്തിപരമായാലും കുടുംബത്തിനായാലും എന്തു സാധനങ്ങൾ വാങ്ങുമ്പോഴും വിലകൂടിയവയായിരിക്കണം. മത്സ്യമാംസാദികളിൽ വിലയേറിയത്. ഉദാഹരണം, ആട്ടിറച്ചി വാങ്ങുക, മാട്ടിറച്ചി വാങ്ങരുത്. കാരണം ആട്ടിറച്ചിക്കാണ് വിലകൂടുതൽ. പച്ചക്കറിയുടെ കാര്യവും ഇതുതന്നെ. ഇനി വസ്ത്രങ്ങളുടെ കാര്യമോ, വിലപിടിച്ചവ. വിലയിൽ കൂടുതൽ അതാണ് മെച്ചം. ഒരിക്കൽ ഒരു വിവാഹത്തിന് ഉപയോഗിച്ച വസ്ത്രം മററൊരു വിവാഹവേളയിൽ ഉടുക്കുകയില്ല. അങ്ങനെ ഉടുത്തുകഴിഞ്ഞാൽ ഇതേ ഒരു സാരിയുള്ളുവെന്ന മററുള്ളവരുടെ നിഗമനത്തിലെത്തിച്ചേരാനിടയുണ്ട്. ആയതിനാൽ ഓരോ വിവാഹാവസരത്തിലും വസ്ത്രങ്ങൾ പ്രത്യേകിച്ച് ഇന്നത്തെ സ്ത്രീകളുടെ പ്രധാനവിഷയമായ സാരി, വെവ്വേറെ വെവ്വേറെയയുള്ള പുത്തൻ വസ്ത്രം അഥവാ പുത്തൻ സാരി തന്നെ ധരിക്കേണ്ടിയിരിക്കുന്നു. ഒരു കല്ല്യാണത്തിന് ഒരു സാരി, വേറൊരു കല്ല്യാണത്തിന് വേറൊരു സാരി.— ഇതാണ് ചില സ്ത്രീകളുടെ വസ്ത്രത്തോടുള്ള സമീപനരീതി, ഓരോ കല്ല്യാണവേളയിലും. — സ്വന്തക്കാരുടെ കല്ല്യാണമായാലും അന്യരുടേതായാലും വിവാഹത്തിൽ സംബന്ധി

ക്കണമെങ്കിൽ ഒരു കല്ല്യാണവേളയിൽ ഉടുത്തത് വേറെ കല്ല്യാണവേളയിൽ ഉടുക്കുന്നത് പോക്കണക്കേടാണ്, അപമാനമാണ്. ഇതാണ് സത്യാവസ്ഥ. ഇതിൽ പൊങ്ങച്ചത്തിൻെറ നിഴലാട്ടമില്ലാതെ മറെറാന്നുമില്ല. പെണ്ണുങ്ങളുടെ ഇത്തരം നിലപാടിനോട് പ്രതികരിച്ച് എതിർപറയുന്ന ആണുങ്ങളുണ്ടാവും. അനുകരിക്കുന്നവരുമുണ്ടാകും. എന്നാൽ പ്രതികൂലിക്കുന്നവരായിരിക്കും ഭൂരിഭാഗവും. പണം ആവശ്യത്തിന് ചിലവ് ചെയ്യുക. ആവശ്യമില്ലാത്തതിന് ചിലവ് ചെയ്യാതിരിക്കുകയെന്നത് സ്ത്രീകളിലേക്കാൾ പതിന്മടങ്ങ് കൂടിയിരിക്കുന്നത് പുരുഷന്മാരിലാണെന്നത് ആശ്വാസകരമാണ്. ചിലർ പെണ്ണുങ്ങളുടെ വാക്കുകേട്ട് അവരുടെ താളത്തിനൊപ്പം തുള്ളുന്നവരുമുണ്ട്. ഇതും കണക്കിലെടുക്കേണ്ട വസ്തുത തന്നെ. പെണ്ണുങ്ങളുടെ വാക്ക് കേട്ട് അപ്പടി വിശ്വസിക്കുകയും അവർ പറയുന്നതു പോലെ പ്രവർത്തിക്കുകയും ചെയ്യുന്നവരെ എന്തെന്നാണ് വിളിക്കേണ്ടതെന്നറിയാമോ? ഇംഗ്ലീഷിൽ അതിന് പ്രത്യേകം ഒരു പ്രയോഗമുണ്ട്. 'ഹെൻപെക്കഡ് ഹസ്ബെൻറ്' എന്ന്. മലയാളത്തിൽ അത്ര പ്രചാരമായിട്ടില്ല ഈ പദം. ആശയം പ്രചാരമായെങ്കിലും നമുക്ക് തല്ക്കാലമതിനെ 'കോഴിപിടിയൻ ഭർത്താവെന്ന്' വിശേഷിപ്പിക്കാം. ഭാര്യയുടെ ചൊൽപ്പടിക്ക് നടക്കുന്നവൻ. അതാണിവിടെ കോഴിപിടിയൻ ഭർത്താവിൻെറ ആന്തരിക പൊരുൾ. അത്തരം ആണുങ്ങൾ മററുള്ള ആണുങ്ങളുടെയും പെണ്ണുങ്ങളുടേയും ദൃഷ്ടിയിൽ അപഹാ

സ്യത്തിന് പാത്രീഭൂതരാവുമെന്നതിൽ രണ്ടഭിപ്രായമില്ല.

കുടുംബമെന്നതിന് 'സ്ത്രീ'യെന്ന പര്യായം ചേർക്കുന്നതിൽ വരുന്ന അപാകതയാണ് മുകളിൽ കുറിച്ചത്. കുടുംബമാവുന്ന സൗധത്തിൽ സ്ത്രീയോടൊപ്പം പുരുഷനും തുല്യ സ്ഥാനമുണ്ടെന്ന കാര്യം താത്കാലികമായി വിസ്മരിക്കപ്പെടുന്നതിന്റെ അനർത്ഥമാണത് സൂചിപ്പിക്കുന്നത്. കുടുംബനായിക കുടുംബനാഥനോടൊപ്പം ഉയർന്നു കഴിഞ്ഞിരിക്കുന്നു ഇന്നത്തെ ഈ ആധുനിക യുഗത്തിൽ. ഇരുവർക്കും തുല്യമായ ധനാഗമമാർഗങ്ങൾ, ഒരുപക്ഷെ ആണിന് പെണ്ണിനേക്കാൾ കൂടുതൽ വരുമാനമാർഗം ഇതിന്റെ ഒരു സ്വഭാവമായിത്തീർന്നിരിക്കുന്നു. ഇങ്ങിനെയുള്ളിടത്ത് പെൺമേധാവിത്തം കാണാം.

ഇത്രയൊക്കെയുണ്ടായാലും സ്ത്രീധനം കണക്ക് പറഞ്ഞ് വാങ്ങുന്നതിൽ പുരുഷന്മാർ മുൻപന്തിയിൽ തന്നെ. എത്ര എത്ര മഹിളാസമാജങ്ങൾ വിവിധ രാഷ്ട്രീയകക്ഷികളുടെ ആഭിമുഖ്യത്തിലുണ്ടായിരുന്നിട്ടും പുരോഗമനം പറയുന്ന രാഷ്ട്രീയ കക്ഷികൾ ഇടതുവശത്തും വലതുവശത്തുമുണ്ടായിരുന്നിട്ടും സ്ത്രീധനത്തിനെതിരായി സംസാരിക്കാനും പ്രവർത്തിക്കാനും നമുക്കില്ലാതായിപ്പോയല്ലോ. എത്ര എത്ര വനിതാസമാജികരും പാർലിമെൻറംഗങ്ങളും മന്ത്രിമാരുണ്ടായിട്ടും സ്ത്രീധന സമ്പ്രദായം-നിയമദൃഷ്ട്യാ നിരോധിക്കപ്പെട്ട ആ സാധനം ഇന്നും രാജ

കീയമായിത്തന്നെ വിലസുന്നു. സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സ്ത്രീകൾക്ക് തന്നെ കഴിവില്ല. പുരുഷന്മാരോടു ചേർന്ന് പ്രവർത്തിച്ച് പ്രശ്നം പരിഹൃതമാക്കുവാൻ അവർ തല്പരരല്ല, സന്നദ്ധരല്ലയെന്നതാണനുഭവം. പിന്നെന്തിന് കവലകൾ തോറുമുള്ള സമാജങ്ങൾ. വിവിധ രാഷ്ട്രീയപാർട്ടികളിലെ സ്ത്രീ സമാജങ്ങൾ, സ്ത്രീ വിഭാഗങ്ങൾ. ആണുങ്ങളെ, കാണാൻ കൊള്ളാവുന്ന ചെക്കന്മാരെ വലയിട്ടുപിടിക്കാനാണോ ഈ പെൺപട പ്രസ്ഥാനങ്ങളെന്ന് ചോദിച്ചുപോകാൻ ആഗ്രഹിക്കുന്നു. ഇതിലും ഭേദം ഇവ പിരിച്ചു വിടുകയല്ലേ നല്ലത്.

ഞാനൊരിക്കൽ എൻെറ വളരെ അടുത്ത ഒരു ബന്ധുവിൻെറ വീട്ടിൽ പോയിരുന്നു. വെറും സുഹൃദ്സന്ദർശനമായിരുന്നു ലക്ഷ്യം. ഞാൻ ചെന്ന അവസരത്തിൽ കുടുംബനാഥൻ തൻെറ കാറു തുടച്ചു കൊണ്ടിരിക്കുകയാണ്. കുടുംബിനിയോ ടി. വി. കാണുകയും. ഇരുവരും എന്നെ കണ്ടപ്പോൾ അഭിവാദ്യം ചെയ്ത് വീട്ടിനകത്തിരിക്കാനായി പറഞ്ഞു. കുശലാന്വേഷണങ്ങൾക്ക് മുതിരാതെ താന്താങ്ങളുടെ പ്രവൃത്തിയിൽ മുഴുകിക്കൊണ്ടിരുന്നു. കാറു വാങ്ങിയിട്ട് അധികനാളുകൾ കഴിഞ്ഞിട്ടില്ല. ടി. വി. യാണെങ്കിൽ പുത്തൻ ടി. വി. യുമല്ലയെന്നാണെൻെറ അറിവ്. കാറ് ശ്രദ്ധയോടെ തുടക്കൽ. മറേറയാൾ ടി. വി. കാണൽ തന്നെ. ഏതോ ഒരു തമിഴ് പടമാണെ

ന്നു തോന്നുന്നു. ആ പടം തീരാതെ കുശലാന്വേഷണ മില്ലെന്ന് തീരുമാനിച്ചു വെച്ചിരിക്കുകയാണോ? അതോ ആഗതനായ ഞാനും കൂടി കണ്ടുകൊള്ളട്ടെയെന്ന തോന്നലോ, അതുമല്ലെങ്കിൽ എൻെറ വീട്ടിൽ ടി. വി. യില്ല. അത്പോലെ ഒരുപുത്തൻ കാഴ്ചകണ്ടാസ്വദിച്ചോട്ടെയെന്ന പ്രതീതിയോ! എന്തും ആകട്ടെ ഞാനെൻെറ ക്ഷമയുടെ നെല്ലിപ്പടി കണ്ടുവെന്ന് സാരം.

പ്രതീക്ഷിച്ചപോലെ കാററ് തുടക്കലും, ടി. വി. യിലെ പടവും കഴിഞ്ഞതിനുശേഷമാണ് ഇരുവരും എൻെറ മുമ്പിൽ പ്രത്യക്ഷപ്പെട്ടതും കുശലാന്വേഷണത്തിന് ആരംഭമിട്ടതും ഇതു ചരിത്രപ്രധാനമായ സത്യമാണ്. വെറും സത്യമല്ലെന്നർത്ഥം. കാരണം ഇരുവരും അടുത്തുള്ള കോളേജിലെ ചരിത്രാദ്ധ്യാപകനും അദ്ധ്യാപികയുമാണ്. എന്നിട്ടാണിവർ ഇത്ര ചരിത്രപ്രധാധമായ സംഭവത്തിന് ഹേതുഭൂതരായിവർത്തിച്ചത്. ഇരുവർക്കും വേണ്ടപ്പെട്ടയാളുതന്നെ ഞാൻ. ഇരുവരുമായും ബന്ധവുമുണ്ട്. എന്നുവെച്ചാൽ വളരെ അടുത്ത ബന്ധം. അതൊന്നും കടലാസിൽ എഴുതി പരസ്യപ്പെടുത്തേണ്ടയെന്ന് വിചാരിച്ച് അവരുടെ പേരും ബന്ധവുമൊന്നും ഇവിടെ പ്രതിപാദിക്കുന്നില്ല. അനുവാചകർ അതറിഞ്ഞിട്ട് കാര്യവുമില്ല. സംഭവമാണ് പ്രധാനം. സംഭവത്തിന് ഇടയാക്കിയ വ്യക്തികൾ അനുവാചകർക്ക് പ്രശ്നമല്ല. എന്നാൽ ഇതെഴുതുന്നയാൾക്ക് വ്യക്തിയാണ് പ്രധാനം. സംഭവമല്ല. അങ്ങനെ സംഭവിക്കു

വാൻ വ്യക്തികൾ വേണമല്ലോ. ഏതൊരു പ്രവർത്തിയുടേയും പിന്നിൽ വ്യക്തി അഥവാ വ്യക്തികളുടെ പ്രസക്തിയും പ്രാധാന്യവും കണക്കിലെടുക്കേണ്ടതാവശ്യമാണ്. അങ്ങനെ കാറ് തുടച്ചുകൊണ്ടിരിക്കലും അത് പൂർത്തീകരിച്ചതിനുശേഷം ആഗതനായ അടുത്ത ബന്ധുവായ സന്ദർശകനെ കാണേണ്ടമാതിരിയിൽ കാണുകയും സംസാരിക്കുകയും ചെയ്തതിൽ അദ്ദേഹത്തെ അനുമോദിക്കുകയും അത് പോലെ കുടുംബിനിയുടെ പെരുമാററത്തിനും അനുമോദനം അറിയിക്കുകയും ചെയ്ത് ഈ വിഷയത്തിന് വിരാമം ഇടുകയാണ്.

പണ്ടുള്ള കാലങ്ങളിൽ കൂട്ടുകുടുംബങ്ങളാണ്. ഇന്ന് അധികവും ഒററകുടുംബങ്ങളാണ് പ്രചാരം. ഭർത്താവ്, ഭാര്യ, രണ്ടുമക്കൾ ഇതാണ് ഭരണകൂടത്തിൻെറ ഔദ്യോഗിക കുടുംബം. നമ്മുടെ നാടിനെ സംബന്ധിച്ചാണീ ധാരണ. കുടുംബം വലുതാകുംതോറും പ്രശ്നങ്ങൾ ഏറെയാകും. ചെറുതാകുംതോറും പ്രശ്നങ്ങൾ കമ്മിയാകും. ഇതാണ് പൊതുധാരണ. ആകയാൽ ചെറുകുടുംബങ്ങൾ രൂപീകരിക്കാനും പുലർത്താനുമാണധികമാളുകളും ആഗ്രഹിക്കുക ഇന്നത്തെ ചുററുപാടുകളിൽ. ആവശ്യസാധനങ്ങളുടെ വില വർദ്ധന, യാത്രാചെലവു അധികരിക്കൽ, വീടുവെയ്ക്കാനും സ്ഥലത്തിനുമുള്ള ചെലവുകൂടുതലും വിലവർദ്ധനയും, വീട്ടുപകരണങ്ങളുടെ വിലവർദ്ധന, രോഗചികിത്സാ വിലവർദ്ധന അങ്ങനെ നൂറുകൂട്ടം സംഗതികൾ കുടുംബത്തെ

സ്പർശിക്കുന്നവയാണ്. ഇവയെല്ലാം കൈകാര്യം ചെയ്യേണ്ടത് കുടുംബനാഥൻ എന്ന കുടുംബത്തിലെ നെടുംതൂണ് തന്നെ. ആ നെടുംതൂണിൻെറ അഭാവത്തിൽ കുടുംബിനിയൊ മക്കളൊ ആയിരിക്കും.

സന്തുഷ്ടകുടുംബം ലക്ഷ്യമാക്കിയവർ ചെറുകുടുംബങ്ങളെയാണ് പ്രോത്സാഹിപ്പിക്കുന്നത്. ചെറുകുടുംബങ്ങളിൽ താരതമ്യേന പൊതുവെ വലിയ കുടുംബങ്ങളെ അപേക്ഷിച്ച് അല്ലലും അലച്ചിലുമില്ലെന്നാണ് വിശ്വാസം. ആ വിശ്വാസം എപ്പോഴും ശരിയായിക്കൊള്ളണമെന്നുമില്ല. ഭാര്യയും ഭർത്താവും മാത്രമടങ്ങിയ കുടുംബത്തിൽ ഭർത്താവ് മദ്യപാനിയായിക്കൊണ്ട് ഭാര്യയെ സദാസമയം മർദ്ദിക്കുകയും പീഡിപ്പിക്കുകയും ചെയ്താലുള്ള സ്ഥിതിയെന്തായിരിക്കും? അതേ സമയം അനേകം അംഗങ്ങളുള്ള കുടുംബങ്ങൾ മദ്യം തുടങ്ങിയ അനാശാസ്യവസ്തുക്കളൊന്നും ഉപയോഗിക്കാതെ മാനമര്യാദയായി വർത്തിക്കുന്നതും നാം കാണുന്നു. അപ്പോൾ കുടുംബത്തിൻെറ ചെറുതു വലുതു വ്യത്യാസമല്ല പ്രധാനം പിന്നെയൊ കുടുംബത്തിൻെറ ഐശ്വര്യം—കുടുംബാന്തരീക്ഷത്തിൽ കാണുന്ന ഐശ്വര്യം, പ്രസന്നത, ശാന്തി, സമാധാനം ഇവയ്ക്കാണ് നാം വില കൽപ്പിക്കേണ്ടത്.

മനുഷ്യൻ സാമൂഹ്യജീവിയാണ്. സാമൂഹ്യജീവിയായ മനുഷ്യന് തല ചായ്ക്കാനിടം വേണം. ആ

ദിമമനുഷ്യർ അതിന് സൗകര്യം കണ്ടുപിടിച്ചിരുന്നത് ഗുഹകളിലായിരുന്നു. ഗുഹാജീവികളായിരുന്ന മനുഷ്യർ പുരോഗമിച്ച് പുരോഗമിച്ച് മണിമാളികകളിൽ അഭയം കൊണ്ടു. വിശ്രമിക്കാനും ഉറങ്ങാനുമിടം വേണം—ഈ ചിന്താഗതി പ്രാചീന മനുഷ്യനിലും ആധുനിക മനുഷ്യനിലും ഒരു പോലെയാണ്. മനുഷ്യജീവിതത്തിൻെറ അധികപങ്കും ചെലവഴിക്കുന്നത് വീടുകളിലാണ്. ആ വീടുകളാണ് കുടുംബങ്ങൾ. നാഗരീകതയും വ്യവസായവൽക്കരണവും മൂലം ആധുനീകരിച്ചിരിക്കുന്ന ഈ യുഗത്തിലും കുടുംബത്തിൻെറ അടിത്തറയായ വീട് അത്യന്തം മനോഹരമാക്കിത്തീർക്കലിലാണ് ജനങ്ങൾ ഇന്ന് മുഴുകിയിരിക്കുന്നത്. വീട് എന്ന സങ്കല്പത്തിൽ കുടിലും കൊട്ടാരവും ഒരുപോലെ പങ്കു വഹിക്കുന്നു. കുടിലിലും കൊട്ടാരത്തിലുമുള്ള അംഗങ്ങൾ—അവർ എത്ര കുറവായാലും അധികമായാലും പരസ്പരചേർച്ചയോടെ കഴിയുന്നതിലാണ് കുടുംബജീവിതത്തിൻെറ വിജയം നിലനിൽക്കുന്നത്.

ലോകസഞ്ചാരത്തിനിടയിൽ എന്നോട് പലരും ചോദിച്ച ചോദ്യമാണ് 'നിങ്ങൾക്ക് വീടും കുടിയുമില്ലേ, കുടുംബമില്ലേ, കുട്ടികളെ നോക്കിയിരുന്നുകൂടെ' ഈദൃശങ്ങളായ അന്വേഷണങ്ങൾക്ക് മറുപടി പറയാതിരിക്കാൻ കഴിയുകയില്ലല്ലോ. അതനുസരിച്ച് മറുപടി പറയുകയും ചെയ്തു. അവർ

ക്ക് തൃപ്തികരമായ നിലയിൽതന്നെ. അതുതന്നെ എന്റേയും തൃപ്തി കാരണം സത്യാവസ്ഥ തന്നെ ഞാനവരെ അറിയിച്ചുള്ളൂ. യാതൊരു പൊങ്ങച്ചപ്രകടനവും എന്റെ ഭാഗത്തുനിന്നുണ്ടായില്ല. ഞാൻ പറഞ്ഞതവർ വിശ്വസിച്ചു.

ഇനി പൊങ്ങച്ചം പറയുന്നവരുടെ പങ്കെന്താണെന്ന് കുടുംബ ജീവിതത്തിൽനിന്ന് പിഴുതെടുത്ത് പരിശോധിക്കാം. എങ്ങനെയുണ്ട് നിങ്ങളുടെ കുടുംബം? കുടുംബമോ, കുടുംബജീവിതമെന്ന് ചോദിക്കൂ. ഉത്തരം എന്റെ കുടുംബത്തിൽ, വീട്ടിൽ എല്ലാവിധ സുഖസൗകര്യങ്ങളുമുണ്ട്. ടി. വി. യും, വി. സി. ആറും, വി. സി. പി. യുമെല്ലാമുണ്ട്. പുറമെ രണ്ടു റേഡിയോകളും, ഫ്രിഡ്ജും വാഷിംഗ് മെഷീനും ഉള്ളത് പ്രത്യേകം പറയണമെന്നില്ലല്ലോ. മിക്സിയും ഹീററും ഗ്യാസ് സിലിണ്ടറും പ്രഷർകുക്കറുമെല്ലാം എന്തൊരാഴക്. അവയുടെ സാന്നിദ്ധ്യം പ്രത്യേകം പറയണമെന്നില്ലല്ലോ. പിന്നെ ഡൈനിംഗ് ടേബിളിൽ, സെററുഗാർഡൻചെയർ, ഈസിചെയർ, സ്ററഡിചെയർ കൂട്ടത്തിൽ പ്രത്യേകം എടുത്തു പറയാൻ കഴിയാത്ത ചെത്തു സ്റ്റൈലിലുള്ള അനേകമനേകം വീട്ടുപകരണങ്ങൾ — ഇത്രയും ഇതിലധികവുമുള്ള ഒരു ബൃഹത്തായ കുടുംബ സജ്ജീകരണ സംവിധാന ക്രമമാണ് ഇന്നത്തെ മേൽത്തരം കുടുംബങ്ങളിൽ ശരാശരിക്കപ്പുറമുള്ള വീടുകളിൽ നാം കാണുന്നത്. ഇനി ഇത്തരം സൗകര്യസജ്ജീകരണമൊന്നുമില്ലാ

ത്ത വീട്ടുടമസ്ഥരും കുടുംബാംഗങ്ങളും അവയെല്ലാം ഉണ്ട് എന്ന് വീമ്പിളക്കി പ്രസ്താവിക്കുന്നതും നാം കേൾക്കാറുണ്ട്. ഇത്തരം വീമ്പിളക്കൽ പ്രസ്താവനക്കാണ് പൊങ്ങച്ചം പറയൽ എന്നു പറയുന്നത്. ദാ ഒരു ഉദാഹരണം, ഗൾഫിലുള്ള മകൻ ടി. വി. വാങ്ങിച്ചു വച്ചിരിക്കുകയാണ്. അവൻ വരുവാൻ താമസമുണ്ടെങ്കിൽ ആരുടെയെങ്കിലും പക്കൽ കൊടുത്തയക്കുമെന്ന് പറഞ്ഞിട്ട് ആറു വർഷമായിട്ടും മകനും ഇല്ല, ടി. വി. യുമില്ല. ഇത്തരം ബഡായി വാക്കുകൾ ഇറക്കുന്നവരും നമ്മുടെ ഇടയിൽ അധികം പേരുമുണ്ട്. മകന് ഗൾഫിൽ വളരെ ചെറിയ ജോലിയായിരിക്കും. വേതനം വളരെ ചുരുങ്ങിയിരിക്കും. അതിൽ നിന്ന് പിടുങ്ങിവെച്ചിട്ടു വേണമല്ലോ ടി. വി. വാങ്ങി വീട്ടിലേക്ക് കൊടുത്തയക്കാൻ. ആറേഴു വർഷത്തിലൊരിക്കലെ നാട്ടിൽ വന്നു പോകാനുള്ള ചുറ്റുപാടുമുള്ളൂ. ഈ പശ്ചാത്തലത്തിൽ വീട്ടുകാർ പൊങ്ങച്ചം പറയലിലാണ് അഭിമാനം കൊള്ളുന്നത്. യഥാർത്ഥം പറയുന്നതിലും അറിയിക്കുന്നതിലും അവർക്ക് ആനന്ദമില്ല. ഇതുപോലെ എത്ര എത്ര ഉദാഹരണങ്ങൾ - ദൃഷ്ടാന്തങ്ങൾ വേണമെങ്കിലും നിരത്തിവെക്കാം.

വീടും കുടുംബവുമുണ്ടായാൽ അയൽപ്പക്കമുണ്ടാകും. അയൽപക്കത്തും വീടും കുടുംബവുമുണ്ടല്ലോ. 'തന്നെപ്പോലെ തന്റെ അയൽവാസിയേയും സ്നേഹിക്കുക.' 'അയൽവാസി പട്ടിണി കിടക്കുമ്പോൾ വയ

റു നിറച്ചു ഭക്ഷിക്കുന്നവൻ വിശ്വാസികളിൽപ്പെട്ടവനല്ല'— എന്ന പ്രവാചക സൂക്തങ്ങൾ കുടുംബാംഗമായി ജീവിക്കുന്ന നാമേവരും സ്മരിക്കേണ്ടതാണ്. ഈ സൂക്തങ്ങൾക്കും ഉപോൽബലകമായുള്ള ഒരു ചൊല്ലു വാക്യമാണ്. ധർമ്മവും മര്യാദയുമെല്ലാം ഉദിക്കുന്നതു കുടുംബത്തിൽ നിന്നാണ്. കുടുംബമാണ് ദാനധർമ്മാദികളുടെയും . മാനവമര്യാദകളുടെയുമെല്ലാം ഈററില്ലം. മാതാപിതാക്കളാണ് ശിശുവിൻെറ ആദ്യത്തെ ഗുരുനാഥന്മാർ. ഇവർ തന്നെയാണല്ലോ രക്ഷിതാക്കളും, ഇവരുടെ വായ്മുഖം തന്നെയാണ് ഗുരുമുഖവും. അതു കഴിഞ്ഞാലാണ് മററു കുടുംബങ്ങൾ. ഇനി ഇവരും കഴിഞ്ഞാലൊ, അയൽപക്കവും അയൽപക്കത്തുള്ള കുടുംബാംഗങ്ങളുമായി ബന്ധപ്പെടാൻ മനുഷ്യൻ ശൈശവാവസ്ഥയിലും ബാല്യത്തിലും, കൗമാരത്തിലും, യൌവനത്തിലും പ്രൗഢാവസ്ഥയിലുമെല്ലാം അറിഞ്ഞും അറിയാതെയും ബാദ്ധ്യസ്ഥനായിത്തീരുന്നു. ആകയാൽ അയൽപ്പക്ക വിചാരം കുടുംബവിചാരങ്ങൾക്ക് അനുബന്ധമായി വർത്തിക്കുന്നു. അങ്ങനെ അയൽപക്ക വീട്ടുകാരൻ പ്രവർത്തിച്ച ഒരു സംഗതി ഇവിടെ പറയാം. ഒരു പുതിയ വീടുവെക്കുകയും താമസമാക്കുകയും ചെയ്തപ്പോൾ ഫർണിച്ചർ വേണമല്ലോ. ഇക്കാര്യം മുൻകൂട്ടി തന്നെ അയൽവാസിയെ ഏല്പിച്ചു. ഓർഡർ ചെയ്ത വീട്ടുസാമാനങ്ങൾ യഥാസമയം എത്തിക്കുകയും ചെയ്തു. അവയ്ക്കെല്ലാം കനത്ത വിലയും

ഈടാക്കി. വീട്ടിൽ താമസമായതിനുശേഷം പിന്നീട്
കോഴികളെ വളർത്തേണ്ടുന്ന ആവശ്യത്തിലേക്കായി.
ഒരു കോഴിക്കൂടു ഓർഡർ ചെയ്തു. അതും കിട്ടി.
എന്താ ആ കോഴിക്കൂടിനു വില അറുനൂറു രൂപ. അ
മ്പതും നൂറും രൂപയ്ക്ക് കോഴിക്കൂട് കിട്ടുമ്പോഴാ
ണ് അറുനൂറ് രൂപ കൊടുത്ത് വാങ്ങിയത്. എന്നാൽ
പൈസപോകട്ടെ, രണ്ടു ദിവസം കഴിഞ്ഞപ്പോൾ അ
തിലിട്ടിരുന്ന കോഴികളെയെല്ലാം ഉടമക്കാർ പിടിച്ചു
കൊണ്ടു പോയി. അതായത് കുറുക്കനോ, പട്ടിയോ,
മരപ്പട്ടിയോ ആണ് ഇവിടെ ഉടമക്കാർ എന്ന് വിശേ
ഷിപ്പിച്ചത്. വീണ്ടും കോഴിയെ വാങ്ങിയിട്ടു. കഥ
തഥൈവ തന്നെ. അതോടെ കോഴിവളർത്തലിന് ത
ന്നെ താൽപര്യമില്ലാതെയായി. കോഴിക്കൂട് വിറ
കിൻെറ വിലക്ക് കൊടുക്കുന്ന വിലയുണ്ടല്ലോ, ആ
വിലക്കങ്ങനെ തുച്ഛം വിലക്ക്-വാങ്ങിയ-വിലയു
ടെ ഇരുപതിലൊരംശം വിലക്ക് കൊടുക്കേണ്ടിവന്നു.
അത്തരം തുച്ഛം വിലകൊടുത്തു വാങ്ങിക്കൊണ്ടു
പോയ ആൾക്കും അതേ അനുഭവം തന്നെ. അയാളു
ടേയും ഏതാനും കോഴികൾ നഷ്ടപ്പെട്ടു. പിന്നെ
ആ കോഴിക്കൂടിന് കോഴികളെ ഇടാൻ അവസരം കൊ
ടുക്കാതെ വിറകിനായി ഉപയോഗിച്ചു എന്നാണ് കേട്ട
ത്. അപ്പോൾ ഇവിടെ പറഞ്ഞു വരുന്ന കാര്യം ഇതാ
ണ്. ഇത്ര ഭീമമായ സംഖ്യ കോഴിക്കൂടിന് വിലയാ
യി ഈടാക്കിയ അയൽവാസിയുടെ മുഖം ഒന്നാവരണം
ചെയ്യുകയാണ്. വില ഭീമമായത് ഈടാക്കിയാലും

സാധനം കേടററതായിരുന്നാൽ മതിയായിരുന്നു. വല്ല പാഴ്മരക്കഷണങ്ങൾകൊണ്ട് ധൃതിക്ക് തട്ടിക്കൂട്ടിയെടുത്ത ഒരു പക്ഷിക്കൂടു പോലുള്ള കോഴിക്കൂട്. അയൽക്കാരൻ അയൽക്കാരനെ വഞ്ചിച്ച കഥ. മനഃപൂർവ്വം വഞ്ചിച്ച കഥയാണിവിടെ അനാവരണം ചെയ്തിരിക്കുന്നത്. ഇതുപോലെ എത്രയെത്ര വഞ്ചനകൾ മനുഷ്യനും മനുഷ്യനും തമ്മിൽ അയൽവാസിയും അയൽവാസിയും തമ്മിൽ നടന്നിട്ടുണ്ട്. നടക്കുന്നുണ്ട്. അന്യ ആളേയും ദൂരെയുള്ള ആളേയും ഏല്പിക്കാതെ അയൽപ്പക്കനിവാസിക്ക് മരപ്പണിയുടെ ബിസിനസുള്ളതുകൊണ്ടാണ് വീട്ടുപകരണങ്ങളുടെയും കോഴിക്കൂടിൻേറയും പണിയേൽപ്പിച്ചത്. പരിചയവലയത്തിലെ വഞ്ചനയ്ക്കൊരു ദൃഷ്ടാന്തമാണിത്. ഇവിടെ അയൽക്കാരനെ തന്നെപ്പോലെ സ്നേഹിക്കണമെന്ന് പറഞ്ഞ പ്രവാചകശ്രേഷ്ഠൻ എവിടെ? ചിലർക്ക് ആ പ്രവാചകൻ ദൈവവും ദൈവപുത്രനുമായ പരിശുദ്ധാത്മാവാണ്. അങ്ങിനെയുള്ള ദിവ്യ പ്രതിഭയുടെ വാക്കുകൾ വ്യഭിചരിക്കപ്പെട്ടിരിക്കുന്നു.

വീട്ടുജോലിക്കും കുടുംബജോലിക്കുമായി വരുന്നതും വന്നുനിൽക്കുന്നതുമായ ഭൃത്യവർഗത്തെപ്പററി ഇനി വിചിന്തനം ചെയ്യാം. അവരും കുടുംബജീവിത ചിന്തകൾക്കപ്പുറമല്ല. എന്തെന്നാൽ കുടുംബജീവിതവുമായി പരോക്ഷമായെങ്കിലും ബന്ധപ്പെട്ടിരിക്കുന്നു. ഇന്ന് ഏററവും കൂടുതൽ ഡിമാൻറുള്ള തൊഴിൽരംഗം ഗൃഹജോലിരംഗമാണ്. ഈ രംഗത്ത്

ആളെ കിട്ടുന്നില്ലയെന്നതാണ് പരമാർത്ഥം. സ്ത്രീകൾ ജോലി ചെയ്തിരുന്നിടത്ത് പുരുഷന്മാർ ഗൃഹജോലി ചെയ്യാൻ തയ്യാറായി വന്നിട്ടുണ്ടെങ്കിലും പര്യാപ്തമായ തോതിലെത്തിച്ചേർന്നിട്ടില്ല. മുഴുവൻ സമയജോലിക്കാർ ഇന്ന് കുറവാണ്. ഭാഗികമായ സമയങ്ങളിൽ വീട്ടിൽ വന്ന് ആവശ്യമായ ജോലികൾ മാത്രമെടുത്ത് പോകുന്നവരാണധികവും, ഏത് നിലക്കായാലും കനത്ത കൂലി കൊടുക്കാൻ ഇടയാകുന്നു. വീട്ടുജോലിക്ക് ആളെ കിട്ടാനുള്ള പ്രയാസമാണ് കൂലി കൂടാനുള്ള കാരണം. ഒപ്പം മോഷണത്തിന് അവസരമുണ്ടെങ്കിൽ മോഷണവും നടത്തിപ്പോകുന്നവരും ഇക്കൂട്ടത്തിൽ കാണും. എന്തെങ്കിലും സംശയം കണ്ട് ചോദിച്ചാൽ പിന്നെ പണിക്ക് വരാതെയുമിരിക്കും. തോന്നുന്ന അവസരത്തിൽ തോന്നുന്ന മാതിരി പണിയെടുത്തു മാസം പൂർത്തിയാക്കുന്നവരേയും കാണാം. ഒരു വീട്ടിൽ നിൽക്കുമ്പോൾ അവിടെന്ന് കിട്ടുന്ന ശമ്പളത്തേക്കാൾ ഒരൽപ്പം കൂടുതൽ മറെറാരിടത്തു നിന്നു കിട്ടാൻ സാദ്ധ്യതയുണ്ടായാൽ അവിടേക്ക് പോകുന്നത് സർവ്വപ്രധാനമായ കാഴ്ചയാണിന്ന്. ഏതൊരു വിധ മനസ്സാക്ഷിയും ആത്മാർത്ഥതയും സ്നേഹവും ഈ വർഗ്ഗക്കാർക്ക് പൊതുവെ കുറവാണ്. നായ കാണിക്കുന്ന നന്ദിപോലും വർഷങ്ങളോളം ഒരു വീട്ടിൽ താമസിച്ച് വേലയെടുത്തവർ കാട്ടിയില്ലായെന്നു വരും. പണ്ടുള്ള കാലങ്ങളിൽ ഇവരുടെ പൂർവ്വികർ സമ്പന്ന വർഗ്ഗക്കാരുടെ കുടുംബങ്ങളിൽ നിന്ന് യാതനയും, പീഡനവും, മർദ്ദനവും ഒരുവേള

സഹിച്ചിരുന്നു. ഇന്ന് അത്തരം കാഴ്ചകൾ കണികാണാൻ പോലും സാദ്ധ്യമല്ല. ഇന്ന് എന്തെങ്കിലും ചെയ്താലുള്ള തിരിച്ചടി ഭയാനകമായിരിക്കും. അതുകൊണ്ട് ഒരു സമ്പന്നനും അതിനു മുതിരുന്നില്ല.

കുടുംബം എത്ര സുന്ദരമായ പദം ജീവിതം ജനനം, മരണം ഇവയ്ക്കിടയിലാണല്ലോ. ഈ മൂന്നക്ഷരങ്ങളോട് കുടുംബം എന്നക്ഷരവും ചേരുന്നു. മനുഷ്യൻ എന്നതും കൂട്ടിച്ചേർക്കാവുന്നതേയുള്ളൂ.

വീണ്ടും കുടുംബചിന്തയിലേക്ക് മനസ്സ് വഴുതിപ്പോകുന്നു. ചരിത്രം സൃഷ്ടിച്ച ഏററവും നല്ല ആശയമാണ് കുടുംബമെന്ന് വിശേഷിപ്പിക്കപ്പെടുന്നു. മനുഷ്യസമൂഹത്തിൻെറ തന്നെ അടിത്തറയാണ് കുടുംബം. കുടുംബം എന്ന ചെറിയ ഘടകങ്ങൾ കൊണ്ട് പടുത്തുയർത്തിയാലേ സമൂഹം എന്ന വലിയ സൗധത്തിന് നിലനില്പുണ്ടാവൂ. കുടുംബം എന്നത് സമൂഹത്തിൻെറ പാഠശാലയാണ്. അത് ഗാർഹിക സഭയാണ് എന്നു പറയുന്നതിൻെറ അർത്ഥം അതാണ്. ഇനി, വീണ്ടും ഗാർഹിക സംഭവങ്ങളിലേക്ക് തന്നെ തിരിയാം.

കുടുംബത്തിൽ ഒരംഗത്തിനു അസുഖം ബാധിക്കുന്നു. സർക്കാർ ആശുപത്രിയിൽ ചികിത്സക്കായി പോകുന്നതിൽ കുടുംബിനിക്ക് തൃപ്തിയുമില്ല. പോകുകയാണെങ്കിൽ സ്വകാര്യ ആശുപത്രിയിലേക്കായിരിക്കണം. സർക്കാർ ആശുപത്രിയിലെ

ഡോക്ടറെ സ്വകാര്യമായി വീട്ടിൽ ചെന്നിട്ടായിരിക്കണം രോഗം പരിശോധിപ്പിക്കേണ്ടതും ഫീസ് കൊടുക്കേണ്ടതും. ആശുപത്രിയിലാവുമ്പോൾ ഫീസ് കൊടുക്കാൻ പററാത്തതിനാൽ പരിശോധന ഒരിക്കലും ശരിയായിരിക്കുകയില്ല. തന്നെയുമല്ല ഡോസുകൂടിയ വിലയേറിയ മരുന്നും എഴുതിത്തരും. അതേ സമയം സ്വകാര്യമായി കണ്ടാൽ ഡോസ് കുറഞ്ഞതും വില കുറഞ്ഞതുമായ മരുന്ന് എഴുതിക്കൊടുക്കും. നല്ല വണ്ണം പരിശോധിക്കുകയും ചെയ്യും. ഫീസ് കിട്ടുന്നതാണല്ലോ. ഈ ചുററുപാടിൽ വീക്ഷിക്കുമ്പോൾ വീട്ടമ്മമാർ പ്രത്യേകിച്ച് പറയുന്നതിൽ അർത്ഥമുണ്ടല്ലോ. സ്ത്രീകളുടെ പൊതുവെയുള്ള അഭിപ്രായവും ഇതുതന്നെ. പുരുഷന്മാരുടെ അഭിപ്രായവും ഇതുതന്നെ. പക്ഷെ പെട്ടെന്ന് ചികിത്സാചെലവിനുള്ള തുക ഒപ്പിക്കുന്നതിൻെറ ഭാരം പുരുഷൻെറ ചുമലിലാണല്ലോ വന്നു വീഴുന്നത്. കൂടാതെ വിശാലമായി ചിന്തിക്കാനും ദൃഢവിശ്വാസം പുലർത്താനും പുരുഷനെപ്പോലെ സ്ത്രീക്ക് മനോധൈര്യമില്ലല്ലോ. ഇതിൽ നിന്നങ്ങനെ മനസ്സിലാക്കുമല്ലോ കുടുംബനാഥൻെറയും കുടുംബിനിയുടേയും ചികിത്സാരീതിയോടുള്ള സമീപനം.

വിവാഹവും വിവാഹാലോചനയും കുടുംബജീവിതം കെട്ടിപ്പെടുക്കുന്നതിനുള്ള പ്രാഥമികവും ഏററവും ആവശ്യകവുമായ ഘടകങ്ങളാണ്. വിവാഹാലോചനകളും നടത്തിപ്പുമെല്ലാം ഇന്ന് കമ്പോളവത്ക

രിച്ചിരിക്കുകയാണ്. വിപണനയം അഥവാ കച്ചവട മാണിന്ന് ഈ രംഗത്ത് കൊടികുത്തി വാഴുന്നത്. കച്ചവട മനസ്ഥിതിയോടെ ആൺഭാഗത്തുകാർ പെൺഭാഗത്തോടു വിലപേശി 'സ്ത്രീധനം' എന്ന ലാഭത്തുക ഉറപ്പിക്കുന്നു. ഡോക്ടർമാർക്കും, എഞ്ചിനീയർമാർക്കും, ഐ. എ. എസ്, ഐ. പി. എസ്. ചാർട്ടേഡ് എക്കൗണ്ടൻമാർ അങ്ങനെ പ്രൊഫഷണൽ രംഗത്തുള്ളവർക്കാണ് വിവാഹകമ്പോളങ്ങളിൽ കൂടുതൽ ഡിമാൻറ്. കൂട്ടത്തിൽ ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർക്കും. നാട്ടിൽ ജോലിയും കൃഷിയും കച്ചവടവും മറേറതു ഏർപ്പാടുകളിൽപ്പെട്ടവർക്ക് ഡിമാൻറ് വളരെ കമ്മിയാണ്.

വിവാഹാലോചനകാര്യത്തിൽ എൻെറ അറിവിൽപ്പെട്ട ഒരു കാര്യം പറയാം. നാട്ടിലെത്തന്നെ ഒരു ഡോക്ടർ പയ്യൻ. ലക്ഷങ്ങളാണല്ലോ സ്ത്രീധനമായി കിട്ടുക. പുറമെ സ്വർണ്ണവും, നൂററമ്പത് പവൻെറ സ്വർണ്ണം, ഒരു മാരുതികാറ്, പണത്തിന് പകരം നഗരമദ്ധ്യത്തിൽ എൺപതുസെൻറ് സ്ഥലം. വീടും പരിസരവും കൂടി അഞ്ചുലക്ഷത്തിനു വകയുണ്ട്. ഒരു മകളെയുള്ളൂ. ഒരൊററ കാശും സ്ത്രീധനമായി കൊടുക്കില്ല. 'മകളുടെ പേരിൽ എഴുതിക്കൊടുക്കും ഈ വക സ്വത്തുക്കളെല്ലാം. രണ്ടു കോടിരൂപയ്ക്കുള്ള സ്വത്തു വക കാണും എല്ലാം കൂടി. ആലോചന നടത്തിയ ആണിൻെറ ഭാഗത്തുള്ളവർ പറയുന്നത് സ്വത്തുവകകൾ വേണ്ട. കയ്യോടെ കിട്ടു

ന്ന സ്ത്രീധനത്തുക മതി. പത്തുലക്ഷം രൂപയും കാറും നൂററമ്പതു പവൻെറ സ്വർണ്ണവും, പെൺഭാഗക്കാർ പറയുന്നത് കാറും സ്വർണ്ണവും കൊടുക്കാം. പണമായി കൊടുക്കില്ലെന്നാണ്. പത്തുലക്ഷമല്ലെ വേണ്ടുള്ളൂ. അതിനു രണ്ടു കോടിരൂപയുടെ സ്വത്തു വകകളുണ്ട്, അതിൽ നിന്ന് വിററുകൊടുക്കുന്നത് അനൗചിത്യമാണ്. ഐശ്വര്യത്തിന് ഹാനികരമാണ്. തറവാടു മഹിമയ്ക്ക് ദോഷമാണ്. നഗരമദ്ധ്യത്തിലുള്ള സ്ഥലത്തും ഒരു ആശുപത്രി പണിയാനുള്ള സൗകര്യമുണ്ട്. അതിന് സൗകര്യം ചെയ്ത് കൊടുക്കാമെന്നും പെൺവീട്ടുകാർ പറയുകയും ചെയ്തു. എന്നിട്ടുപോലും റെഡിക്യാഷ് കൊടുക്കാത്തതിനാൽ ആ വിവാഹം ഉറപ്പിച്ചില്ല. ഒഴിഞ്ഞുപോയി. നോക്കണെ, സ്ത്രീധനം സ്വത്തുവകകളായി കിട്ടിയാൽ പോര, അതും റെഡിക്യാഷിനേക്കാളും പതിന്മടങ്ങുണ്ടുതാനും. ക്യാഷ് തന്നെയായി കിട്ടണമെന്ന ഡിമാൻറിലാണ് വിവാഹം ഒഴിഞ്ഞു പോകാനിടവന്നത്. ഇതൊരു ഒററപ്പെട്ട കാര്യമല്ല. ഇതുപോലെ നൂറനുഭവങ്ങൾ ഇതെഴുതുന്നയാൾക്കറിയാം. ഇന്നത്തെ പത്തുരൂപ നാളത്തെ നൂറുരൂപയ്ക്കുള്ള വകയേക്കാൾ പ്രയോജനകരമെന്ന് ചിന്തിക്കുമ്പോഴാണ് ഇത്തരം വിവാഹാലോചനയുടെ സാദ്ധ്യത തെളിയുന്നത്.

ഇനി മറെറാരു സംഗതി കേൾക്കൂ. സ്ത്രീധനത്തുകയും വേണ്ടത്ര സ്വർണ്ണവും കൊടുക്കുന്നതോടൊപ്പം വീട്ടാവശ്യത്തിനായുള്ള ഫർണീച്ചർ സാമാനങ്ങൾ

വാങ്ങികൊടുക്കുകയൊ അവയ്ക്കുള്ള തുക ഇരുപത്തി നായിരം രൂപ റൊക്കം കൊടുക്കുകയും വേണമെന്ന ഒരു വിവാഹനിശ്ചയം സാധാരണയായിട്ട് ചില പ്രദേശങ്ങളിൽ. എന്തിന് പറയുന്നു ഇത് പോലുള്ള എത്ര എത്ര അനുഭവങ്ങൾ നാം കണ്ടറിയുകയും കേട്ടറിയുകയും ചെയ്യുന്നു. ദൈനംദിനമെന്നോണം സ്ത്രീയെന്ന കെടാവിളക്ക്, വീടിന്റെ അഭിമാന സ്തംഭം, കുടുംബത്തിന്റെ കെടാദീപം, സമൂഹത്തിന്റെ ആഭരണമാകാനുള്ളവൾ എന്നൊക്കെ വാ തോരാതെ സ്ത്രീയെപ്പറ്റി പ്രശംസിക്കാം. പക്ഷെ എന്തു ഫലം?

പഴയ മരുമക്കത്തായ സമ്പ്രദായത്തിൽ സ്ത്രീക്ക് സ്വത്തവകാശമുണ്ടായിരുന്ന വ്യവസ്ഥിതിയിൽ പുരുഷൻ സ്ത്രീയെത്തേടി ഇങ്ങോട്ടു വരുന്ന രീതിയിൽ സ്ത്രീ കൂടുതൽ സുരക്ഷിതയും മാനിക്കപ്പെടുന്നവളുമായിരുന്നു. സ്ത്രീക്ക് സ്വത്തവകാശമുണ്ടായിരുന്നത് കൊണ്ട് സ്ത്രീധനപ്രശ്നമേ ഇല്ലായിരുന്നു. ഇന്ന് ആ നിലവിട്ട് പുരുഷനെത്തേടി സ്ത്രീയുടെ രക്ഷകർത്താക്കൾ ദല്ലാളുമായി നടക്കുന്ന കാഴ്ചയാണ് കാണുന്നത്. ഒപ്പം ഇത്ര പവന്റെ സ്വർണ്ണാഭരണം കൊടുക്കാമെന്നും കാറ് കൊടുക്കാമെന്നും ഗൾഫിലേക്ക് ജോലിയന്വേഷണാർത്ഥം വിസ, അല്ലെങ്കിൽ വിസയോടു കൂടി ജോലിയും കൊടുക്കാമെന്നും വിളംബരം ചെയ്തു നടക്കുന്ന പെൺഭാഗക്കാരുമുണ്ട്. ഇതെല്ലാം കാണിക്കുന്നത്

സ്ത്രീയെ വിലയിടിവാണ്. സ്ത്രീയുടെ ആഭിജാത്യത്തിനും നൈന്മക്കും സൗന്ദര്യത്തിനും വിലയില്ലാതെ പോവുകയാണ്. സ്ത്രീ എങ്ങിനെയുള്ളവളായിരുന്നാലും വേണ്ടില്ല. വിരൂപിയോ, സൗന്ദര്യവതിയോ എന്നത് പ്രശ്നമല്ല. പണമാണ് പ്രശ്നം.

സമാന്തരമായി ചിന്തിച്ചാൽ മനസ്സിലാക്കാവുന്നത്, പുരുഷൻ ഇത്രയ്ക്ക് അധഃപതിച്ചുവോ എന്നതാണ്. സ്ത്രീയുടെ പണം മുൻകൂട്ടി മേടിച്ചിട്ട് വേണോ തന്റെ കാര്യം നടത്താൻ. സ്ത്രീ ദുർബലയാണ്, ബലഹീനയാണ് എന്നൊക്കെ പറഞ്ഞു നടക്കുന്ന തത്വജ്ഞാനികൾ എവിടെ? സ്ത്രീപുരുഷ സമത്വമെന്ന് വാദിക്കുന്നവർ എവിടെ? ആണിൽ പകുതി പെണ്ണ് എന്ന് ഘോഷിക്കുന്നവരും എവിടെ? പുരുഷന് സ്വന്തം വ്യക്തിത്വമില്ലേ? അവൻ സ്വയം നയിച്ചുണ്ടാക്കുന്നതുകൊണ്ട് അവളെയും തീററിക്കൂടെ? ആദിമ മനുഷ്യ ദമ്പതിമാരായ ആദവും ഹവ്വയും ഒന്നിച്ച് ഒത്തൊരുമിച്ച് പ്രയത്നിച്ചല്ലെ ജീവിച്ചിരുന്നത്. അവരുടെ സന്തതികളും സന്തതികളുടെ സന്തതികളും അങ്ങനെ കൃഷിയും ആടുമാടുകളെ നയിച്ചുമല്ലെ കാലയാപനം ചെയ്തത്?

അങ്ങനെ കാലം മുന്നോട്ടു പോയി. ലോകത്തിൽ പല പരിഷ്കാരങ്ങളും സംസ്കാരങ്ങളും ഉടലെടുത്ത് ചിലവ കൊഴിഞ്ഞു പോവുകയും മററു ചിലവ

നിലനിൽക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. അങ്ങനെ നിലനിന്നു നിലനിന്നു കൊണ്ടിരിക്കുന്ന സംസ്കാര പരിഷ്കാരങ്ങളുടെ ഭാഗധേയക്കാരായ നാം— ഇന്നത്തെ ജനസമുദായങ്ങളിലാണ് സ്ത്രീധനസമ്പ്രദായം തുടങ്ങിയ അനാശാസ്യ പ്രവണതകൾ ഉടലെടുത്ത് ശക്തിസംഭരിച്ച് വരുന്നത്. പരിഷ്കാരം കൂടുംതോറും സ്ത്രീധനത്തുകയും കൂടും. ജീവിതത്തോതു വർദ്ധിക്കുന്നതോടൊപ്പമുള്ള ഒരു പ്രക്രിയയാണത്. ഇതിൽ നിന്ന് മോചനമുണ്ടാകുവാൻ സ്ത്രീകൾ തന്നെ രംഗത്തിറങ്ങി പ്രവർത്തിക്കണം. അതോടൊപ്പം അവരുടെ രക്ഷിതാക്കളും അമ്മമാർ, അമ്മൂമ്മമാർ, ഭാര്യ, സഹോദരിമാർ, ഇവരൊക്കെ ഒററക്കെട്ടായി നിന്ന് സ്ത്രീധന സമ്പ്രദായത്തിനെതിരെ പൊരുതണം. രാഷ്ട്രീയത്തിൽ പ്രവർത്തിക്കുന്ന സ്ത്രീകളും സാമൂഹ്യ പ്രവർത്തകളും ഉദ്യോഗസ്ഥകളും മഹിളാസമാജം പ്രവർത്തകരുമെല്ലാം സ്ത്രീധന സമ്പ്രദായത്തിനെതിരായി സംഘടിതമായും ഒററക്കെട്ടായും പ്രവർത്തിക്കണം.

മദ്യം, മയക്കുമരുന്ന് തുടങ്ങിയ വിപത്തുകൾക്കെതിരായും ഇക്കൂട്ടർതന്നെ ശബ്ദിക്കണം. മദ്യഷാപ്പുകൾക്കെതിരെ സ്ത്രീകളുടെ ധർണ്ണയും പിക്കററിംഗും തുടർ നാടകം പോലെ അരങ്ങേറണം. പുരുഷൻ മദ്യപിച്ചാലും മയക്കുമരുന്നുപയോഗിച്ചാലും ഉപദ്രവവും നാശവുമേൽക്കുന്നത് സ്ത്രീക്കാണ്. അപ്പോൾ സ്ത്രീയാണ്—സ്ത്രീകളുടെ സംഘടനയാ

ണ്ട് ഇത്തരം തിന്മകൾക്കെതിരെ പടവെട്ടേണ്ടത്. അമ്മയും, അമ്മൂമയും, ഭാര്യയും, സഹോദരിയുമെല്ലാം വീട്ടിലെ പുരുഷനെതിരായി—മദ്യമയക്കുമരുന്നാദികൾ ഉപയോഗിക്കുന്ന പുരുഷാംശത്തിനെതിരായി എതിർപ്പു പ്രകടിപ്പിക്കണം. ആദ്യം ഗുണദോഷിക്കൽ, മാനസികമായും ധാർമ്മികവുമായുമുള്ള നിസ്സഹകരണം, പിന്നെ രൂക്ഷമായുള്ള ഭാഷയിൽ എതിർപ്പ്, അതിലും കവിഞ്ഞ തരത്തിലുള്ള പ്രക്രിയകൾ ഇവയൊക്കെ ക്രമാനുസരണം ചെയ്യാവുന്നതാണ്. ലക്ഷ്യം നിറവേറുന്നതുവരെ.

എല്ലാ വീടുകളിലുമില്ലാത്ത ചില ഇനങ്ങളുണ്ട്. പാല്, കോഴിമുട്ട, മത്സ്യം മുതലായവ. പതിവായി പാല് വാങ്ങിക്കുന്ന അയൽപക്ക വീട്ടിൽ ഒരിക്കൽ പശുവിന് സുഖക്കേട് വന്നു. വൈദ്യസഹായം തേടേണ്ടിവന്നു. ഈ സമയത്ത് പാല് വേണ്ടായെന്ന് ഞങ്ങൾ പറഞ്ഞു. പശുവിൻെറ രോഗം മാറട്ടെ, രണ്ടു ദിവസമെങ്കിലും കഴിയട്ടെ, എന്നിട്ട് വാങ്ങിക്കാം. രോഗം മാറി ഒരാഴ്ച കഴിഞ്ഞിട്ടും പാല് നൽകിയില്ല. അന്വേഷിച്ചപ്പോൾ പറഞ്ഞ മറുപടി, 'ഞങ്ങടെ പാല് കുടിക്കണ്ട,' എന്ന വിമ്മിഷ്ടത്തോടെയുള്ള വാക്ക്.

ഇതുപോലെ പതിവായി കോഴിമുട്ടയും, താറാമുട്ടയും കൊണ്ടുവരുന്ന അയൽപക്കത്തെ മററൊരു വീട്ടുകാരോടു പറഞ്ഞു. 'ഇപ്പോൾ കുറെയുണ്ട് മുട്ട, ഇനി കുറച്ചു ദിവസം കഴിഞ്ഞിട്ടു മതി' ഈ വാക്ക്

കേട്ടതിനുശേഷം പിന്നെ മുട്ട തരുന്ന ഏർപ്പാട് തന്നെ വേണ്ടെന്നു വെച്ചു. ചോദിച്ചപ്പോഠം പറഞ്ഞത് ''നിങ്ങഠംക്ക് ഇഷ്ടമുള്ളപ്പോഠം കൊണ്ടുവരാനും വരാതിരിക്കാനും ഇവിടെ ആളില്ല. വേണങ്കിൽ ഇവിടെ വന്ന് വാങ്ങിക്കൊണ്ട് പൊയ്ക്കോ? അങ്ങോട്ട് ഇനി ആരും വരില്ല.''

ഇനി മത്സ്യം കൊണ്ടുവരുന്ന ഒരു സ്ത്രീയുടെ കഥ കേഠംക്കണോ. പതിവായി കൊണ്ടുവരുന്ന മത്സ്യം വാങ്ങി ഉപയോഗിക്കുന്നു. ഒരു ദിവസം ആ സ്ത്രീ കൊണ്ടുവന്ന മത്സ്യത്തിന് ചീച്ചൽ അനുഭവപ്പെട്ടു. 'മീൻ ചീഞ്ഞിരിക്കുന്നു' എന്ന് പറഞ്ഞതേയുള്ളൂ. അപ്പോഴേക്കും ആ സ്ത്രീക്ക് കലിയിളകിക്കൊണ്ട് ഗർജ്ജിച്ചു. 'നിങ്ങള് കൊട്ടയിലേക്ക് ചീഞ്ഞതും നാറിയതും മേടിക്കണ്ട' യെന്ന് പറഞ്ഞ് ധൃതിയിൽ പടി കടന്നുപോയി. പിന്നെ ആ സ്ത്രീ വീട്ടിൽ കയറിയിട്ടില്ല. പല പ്രാവശ്യം ആ വഴിയെ പോയിക്കൊണ്ടിരുന്നെങ്കിലും.

വീട്ടുവേലയ്ക്ക് നില്ക്കുന്ന പെണ്ണിന്റെ ഇഷ്ടമനുസരിച്ചേ പണിയെടുക്കുകയുള്ളൂ. തോന്നുന്ന സമയം വരികയും തോന്നുന്ന സമയം പോവുകയും ചെയ്യും. മാസത്തിൽ ശരാശരി ഇരുപതു ദിവസമേ വരികയുള്ളൂ. എന്താ അങ്ങിനെയെന്ന് ചോദിച്ചാൽ 'അമ്മക്ക് സുഖമില്ല, കൊച്ചിന് അസുഖം, ഭർത്താവ് തല്ലി അങ്ങിനെ നൂറുകൂട്ടം മുടന്തൻ ന്യായങ്ങഠം പറ

ഞ്ഞു തടിതപ്പും. എന്തെങ്കിലും വിമ്മിഷ്ടം പറ
ഞ്ഞാൽ പിന്നെ വന്നില്ലെന്ന് വരും. അതാണ് ഇന്ന
ത്തെ വീട്ടുവേലക്കാരുടെ സ്വഭാവം. മുററമടിക്കൽ,
പാത്രങ്ങരം തേച്ചു കഴുകൽ, വസ്ത്രമലക്കൽ തുട
ങ്ങി പുറമെ പണിക്കായിട്ടാണ് മിക്ക വീട്ടുകാരും വേ
ലക്കാരുടെ സേവനം തേടുന്നത്. ഇപ്പറഞ്ഞ പണിക
ളല്ലാതെ മറെറന്തെങ്കിലും വീടിൻെറ അകത്തെ പണിയെ
ടുക്കാൻ പറഞ്ഞാൽ പിന്നെ വേലക്കാരിയുടെ മുഖമൊ
ന്നു വേറെയായിരിക്കും. അതിനൊന്നും അവരെ കി
ട്ടുകയില്ല. മുൻകൂട്ടി നിശ്ചയിച്ച പണികളേയെടു
ക്കുകയുള്ളൂ. കുട്ടികളുള്ള വീടുകളാണെങ്കിൽ അവർ
ഉടുത്തു നാററമുള്ള വസ്ത്രങ്ങളൊന്നും വൃത്തിയാക്കു
കയില്ല. വൃദ്ധരും ശിശുക്കളും ഉപയോഗിച്ച മലമൂ
ത്ര വിസർജ്ജനമേററ വസ്ത്രത്തിൻെറ കഥ പറയേണ്ട
തുമില്ല. അങ്ങനെ എല്ലാ തരത്തിലും വീട്ടമ്മയ്ക്ക്
തലവേദനയുണ്ടാക്കുന്ന വിധമായിരിക്കും വീട്ടുജോലി
ക്കാരുടെ പെരുമാററം.

ചില വീട്ടമ്മമാരെ സംബന്ധിച്ചിടത്തോളം വെ
പ്പും കുടിയും വസ്ത്രമലക്കലുമല്ല പ്രധാനം, മുററമ
ടിക്കലാണ്. മുററമടിച്ചു വൃത്തിയാക്കിയിടുന്നതി
ന് ഇത്തരക്കാർ മുൻഗണന നൽകുന്നു. അപൂർവ്വം
ചിലർ മാത്രമേ ഇക്കാര്യത്തിൽ ശുഷ്കാന്തി കാണി
ക്കുന്നുള്ളുവെന്നത് ആശാവഹമാണ്. വീടു ശുചീ
കരിക്കുന്നതിലും മുമ്പായും മുൻഗണന നൽകിയും
മുററമടി മുററം വൃത്തിയാക്കുന്നതിനെ കാണുന്ന ഒ

രു കുടുംബിനിയെ ഈ എഴുത്തുകാരനറിയാം. ഒന്നല്ല പല സ്ത്രീകളും ഇക്കൂട്ടത്തിൽ ഉണ്ടാകുമെന്നും അനുമാനിക്കാം. അവർ പറയുന്നത് കേട്ടിട്ടുണ്ട്, ഭർത്താക്കന്മാർ ഇക്കാര്യത്തിൽ ദേഷ്യപ്പെടുന്നുവെന്ന്. ആഹാരം തയ്യാറാക്കുന്നതിനാണല്ലോ സർവ്വതിനേക്കാളും മുൻഗണനയും പ്രാധാന്യവും നൽകേണ്ടത്. അല്ലാതെ മുററമടിക്കുന്നതിനല്ലയെന്ന ഭർതൃ അഭിപ്രായത്തെ മാനിക്കാത്ത ഭാര്യയെന്ന സ്ത്രീയുടെ കഥ ഒന്നാലോചിച്ചു നോക്കൂ!

കുടുംബത്തിൽ വരുന്ന അതിഥികൾ പല തരക്കാരാണ്. അതിഥികളെ സ്വീകരിക്കൽ കടമയാണ്. ഉപദ്രവമുണ്ടാക്കുന്ന അതിഥികളുടെ ആഗമനം പൊതുവെ ആരും ഇഷ്ടപ്പെടുകയില്ല. കുടുംബനാഥനേക്കാൾ കൂടുതൽ ആകർഷകമായി ചിലപ്പോൾ കുടുംബിനി അതിഥിയെ സ്വീകരിച്ചിരുത്തുകയും കുശലാന്വേഷണങ്ങൾ നടത്തിയെന്നും വരാം. അത് പുരുഷന് അപകർഷതാബോധമുളവാക്കുവാനിടയാകും. ഭർത്താവിനേക്കാളും കൂടുതൽ അതിഥി സൽക്കാര മനോഭാവം പ്രദർശിപ്പിക്കുന്ന ഭാര്യമാരുടെ ഇത്തരം പ്രദർശനം പരസ്പര തെററിദ്ധാരണക്കും സംശയത്തിനുമിടയാക്കും. താൻ പ്രമാണിത്തം കാണിക്കേണ്ടിടത്ത് അത് കാണിച്ചാൽ മതി. അല്ലാത്തിടത്ത് കാണിച്ചാൽ അപകടം ക്ഷണിച്ചു വരുത്തലായിരിക്കും ഫലം. അതിന് മുതിരരുതെന്ന് ഇതെഴുതുന്നയാൾക്കപേക്ഷയുണ്ട്.

ഭാര്യ ഭർത്താവിൻെറ 'നല്ലപാതി' (ബെററർ ഹാഫ്) യായിരിക്കണം എപ്പോഴും. നല്ല പാതി പ്രയോഗം കൊണ്ട് പുരുഷൻ സ്ത്രീയെ ബഹുമാനിച്ചിരിക്കയാണ്. 'താൻ പാതി, ദൈവം പാതി' എന്ന പ്രയോഗത്തേക്കാളും മെച്ചമായ പ്രയോഗമാണത്. ആ പ്രയോഗത്തിൻെറ അന്തഃസത്ത ഒരു സ്ത്രീയും ഒരു ഭാര്യയും കളഞ്ഞുകുളിക്കരുതെന്ന വിനീതാഭിപ്രായവും കൂടി ഇവിടെ പ്രകടിപ്പിക്കട്ടെ. എന്തെന്നാൽ സ്വരച്ചേർച്ചയുള്ള കുടുംബത്തിന് നല്ല പാതിയെന്ന പ്രയോഗം ആപ്ത വാക്യമായിത്തന്നെ കരുതി പ്രവർത്തിക്കണം. ഇരുചക്രവാഹനമാകുന്ന രഥമാണ് ഭാര്യയും ഭർത്താവുമടങ്ങിയ കുടുംബം. സന്താനങ്ങൾ ആ ഇരുചക്രവാഹനത്തിലെ സഞ്ചാരികളും. സഞ്ചാരികൾ വഴിക്കുവെച്ച് ഇറങ്ങുന്നതുപോലെ സന്താനങ്ങൾ ഒരു കാലഘട്ടം കഴിയുമ്പോൾ രഥമാകുന്ന മാതാപിതാക്കളെ ഉപേക്ഷിച്ച് അവരവരുടെ വഴിക്കുപോയി സങ്കേതമുറപ്പിക്കും. ഇതാണ് നാം കണ്ടുവരുന്ന ജീവിതരീതി. അതുതന്നെ കുടുംബജീവിതത്തിൻെറ ശൈലിയും. ആ ശൈലി നാം തലമുറ തലമുറയായി പകർത്തുന്നു.

ഇത്തരം കാര്യങ്ങളാണ് കുടുംബജീവിതത്തെപ്പററി ചിന്തിച്ചപ്പോൾ അനുഭവമണ്ഡലത്തിലൂടെ ഉരുതിരിഞ്ഞു വന്ന ആശയങ്ങൾ.

1480/

# കുടുംബജീവിത ചിന്തകൾ

## എ. കെ. എ. റഹിമാൻ

---

1994-ാമാണ്ട് അന്തർദേശീയ കുടുംബ വർഷമാണ്. ഈ വർഷത്തിൽ 'കുടുംബജീവിത ചിന്തകൾ' കുടുംബജീവിതത്തെ സ്പർശിക്കുന്ന ഈ പുസ്തകം സ്വാഗതാർഹവും സ്വീകാര്യവുമത്രെ. ഉത്തരത്തിലുള്ള ഒരു കൃതി രചിച്ചതിന് ഗ്രന്ഥകാരൻ സർവ്വദാ അഭിനന്ദനമർഹിക്കുന്നു.

അവതാരികയിൽ ഡോ. ചെറിയാൻ കുനിയന്തോടത്ത് ചൂണ്ടിക്കാണിച്ചതുപോലെ ''നല്ലൊരു കുടുംബജീവിതം എങ്ങിനെ രൂപപ്പെടുത്തിയെടുക്കാം എന്ന് ഗ്രന്ഥകാരൻ ഉറക്കെ ചിന്തിക്കുകയാണിവിടെ.''

---

പ്രസാധകർ:

**യാത്രാ പബ്ലിക്കേഷൻസ്, കൊടുങ്ങല്ലൂർ**

# കുടുംബ ജീവിത ചിന്തകൾ

YATRA PUBLICATIONS
KODUNGALLUR

M/241-63
RAH

എം. കെ. എ. റഹിമാൻ